**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4484** **19-07-2022 - ൽ മറുപടിയ്ക്ക്**

**വാത്സല്യ നിധി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. പി.വി.അൻവർ,<br>ശ്രീമതി ശാന്തകുമാരി കെ.** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി വിഭാഗത്തിലുള്ള പെൺകുട്ടികളുടെ സമഗ്രവികസനത്തിനായി നടപ്പിലാക്കിവരുന്ന വാത്സല്യ നിധി പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ പദ്ധതിയിലൂടെ ലഭ്യമാകുന്ന ഇൻഷുറൻസ് പരിരക്ഷ, മറ്റ് ആനുകൂല്യങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; അർഹതപ്പെട്ടവരെയെല്ലാം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും രക്ഷിതാക്കളിൽ ബോധവൽക്കരണം നടത്തുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു; വിശദമാക്കാമോ; | (എ) | വിലയിരുത്തിയിട്ടുണ്ട്. ഒരു ലക്ഷം രൂപ വരെ വാർഷിക വരുമാന പരിധിയിലുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട മാതാപിതാക്കളുടെ പെൺകുട്ടികൾക്കായി അവരുടെ സമഗ്ര വികസനം ലക്ഷ്യമാക്കി പട്ടികജാതി വികസന വകുപ്പ് LIC OF INDIA യുമായി ചേർന്ന് നടപ്പിലാക്കുന്ന ഇൻഷ്വറൻസ് അധിഷ്ഠിത പദ്ധതിയാണ് വാത്സല്യനിധി. ടി പദ്ധതി പ്രകാരം 4 ഇൻസ്റ്റാൾമെന്റുകളായി 1,38,000/- രൂപ വകുപ്പ് പെൺകുട്ടികളുടെ പേരിൽ LIC യിൽ നിക്ഷേപിക്കുകയും പെൺകുട്ടികൾക്ക് 18 വയസ്സ് പൂർത്തിയാകുമ്പോൾ 3,00,000/- രൂപയായി LIC-യിൽ നിന്നും തിരികെ ലഭിക്കുകയും ചെയ്യുന്നു.<br><br>ടി പദ്ധതിയുമായി ബന്ധപ്പെട്ട് LIC നല്കാമെന്ന് വ്യവസ്ഥ ചെയ്തിരുന്ന ഇൻഷ്വറൻസ് സംബന്ധമായ മറ്റ് ആനുകൂല്യങ്ങൾ **അനുബന്ധമായി** ചേർക്കുന്നു.<br><br>വാത്സല്യനിധി പദ്ധതി പ്രകാരം ആദ്യ രക്ഷിതാവിന് ആകസ്മിക മരണം സംഭവിച്ചാൽ ലഭ്യമാകുന്ന ഇൻഷ്വറൻസ് പരിരക്ഷ PMJJBY എന്ന കേന്ദ്ര പദ്ധതിയുടെ ഭാഗമായാണ് LIC അനുവദിക്കുന്നത്. എന്നാൽ 01/06/2020 ൽ ടി പദ്ധതി കേന്ദ്ര സർക്കാർ നിർത്തലാക്കിയതിനാൽ മേൽ സൂചിപ്പിച്ച ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുവാൻ LIC തയ്യാറാകാത്ത സാഹചര്യമാണ് നിലവിലുള്ളത്. ആയതിനാൽ വാത്സല്യനിധി പദ്ധതിയിൽ നിന്നും LIC യെ ഒഴിവാക്കി അനുയോജ്യമായ പുതിയൊരു ഏജൻസിയെ കണ്ടെത്തി പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിച്ചു വരികയാണ്. |
| (ബി) | പട്ടിക ജാതിക്കാരായ പെൺകുട്ടികൾക്ക് വേണ്ടി | (ബി) | ഉണ്ട്. പട്ടികജാതി പെൺകുട്ടികൾക്ക് വേണ്ടിയുള്ള |

| | | | |
|---|---|---|---|
| | ഹോസ്റ്റൽ നിർമ്മാണത്തിന് പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഇതിനായി സംസ്ഥാന ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ? | | ഹോസ്റ്റലുകളുടെ നിർമ്മാണത്തിനായി 100% കേന്ദ്രാവിഷ്കൃത പദ്ധതിയായ ബാബു ജഗ്ജീവൻ റാം ഛാത്രവാസ് യോജന എന്ന പദ്ധതി സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്നു. ടി പദ്ധതിയ്ക്കായി നടപ്പ സാമ്പത്തിക വർഷം 10,00,00,000/- (പത്ത് കോടി) രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

<table>
<tr><th colspan="3">ആകസ്മിക മരണത്തിന്</th></tr>
<tr><td rowspan="4">വരുമാനദായകൻ</td><td>സാധാരണ മരണം</td><td>2,00,000/-</td></tr>
<tr><td>അപകട മരണം</td><td>4,00,000/-</td></tr>
<tr><td>അപകടം മൂലമുള്ള ഭാഗികമായ അംഗവൈകല്യം</td><td>1,00,000/-</td></tr>
<tr><td>അപകടം മൂലമുള്ള പൂർണ്ണമായ അംഗവൈകല്യം</td><td>2,00,000/-</td></tr>
<tr><td rowspan="2">മറ്റ് രക്ഷകർത്താവ്</td><td>സാധാരണ മരണം</td><td>30,000/-</td></tr>
<tr><td>അപകട മരണം</td><td>30,000/-</td></tr>
<tr><td rowspan="2">കുട്ടി</td><td>സാധാരണ മരണം</td><td rowspan="2">3,00,000/- രൂപയിൽ നിന്നും കുട്ടിയുടെ അക്കൗണ്ടിൽ ലഭ്യമാക്കേണ്ട ഫണ്ട് കുറച്ചതിന്റെ ബാക്കി തുക ഇൻഷ്വറൻസ് ആനുകൂല്യമായി LIC കൊടുക്കുന്നതായിരിക്കും. (ആയത് 8 വയസ്സിന് ശേഷം മാത്രം ബാധകമായിരിക്കും. 8 വയസ്സിന് ശേഷമാണ് ഇൻഷ്വറൻസ് കവറേജ്)</td></tr>
<tr><td>അപകട മരണം</td></tr>
</table>

**സെക്ഷൻ ഓഫീസർ**